**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 204</u> <u>26.09.2016 ൽ മറുപടിക്ക്</u>

## <u>പള്ളുരുത്തി താലൂക്ക് ആശുപത്രി</u>

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ഓപ്പറേഷൻ തീയറ്റർ ഉൾപ്പെടെ എല്ലാ സജ്ജീകരണങ്ങളും നിലവിലുണ്ടെങ്കിലും അവയൊന്നും പ്രവർത്തനക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പള്ളുരുത്തി താലൂക്കാശുപത്രിയിൽ ഓപ്പറേഷൻ തിയേറ്റർ നിലവിലില്ല. എന്നാൽ ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ കൊച്ചിൻ കോർപ്പറേഷൻ മുഖേന കൈക്കൊണ്ടിട്ടുണ്ട്. മാത്രമല്ല ആശുപത്രിയുടെ ആവശ്യകത പരിഗണിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപണികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കിർലോസ്കർ കമ്പനിക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ഡോക്ടർമാർ, പാരാമെഡിക്കൽ, നഴ്സിംഗ്, മറ്റു ജീവനക്കാർ എന്നിവരുടെ തസ്തികകൾ ആവശ്യാനുസരണം ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | (സി)<br>&<br>(ഡി) | ഉണ്ട്. നിയമസഭാ നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രകാരം പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ postmortem സൗകര്യത്തോടുകൂടിയ മോർച്ചറി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യവും ഉൾപ്പെട്ടിരുന്നു. എന്നാൽ ആസ്തി വികസന ഫണ്ട് പ്രകാരമുള്ള നിർമ്മാണത്തോട്ട ബന്ധപ്പെട്ട് തസ്തിക സൃഷ്ടിക്കുക സാധ്യമല്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ 25/09/2015-ലെ 268/ഇ2/2015/ആ.ക.വ കത്ത് പ്രകാരം നിരസിക്കുകയുണ്ടായി.<br>എന്നാൽ അത്യാവശ്യം വേണ്ട അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | അടിയന്തരമായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ